# കേരളസർക്കാർ

## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

### ത്രിവത്സര എൽ.എൽ.ബി /എം.എസ്.സി നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2022 കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചു

2022–23 അധ്യയന വർഷത്തെ ത്രിവത്സര എൽ .എൽ.ബി കോഴ്സിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ **25.09.2022 (ഞായറാഴ്ച)** കേരളത്തിലെ എല്ലാ ജില്ലകളിലേയും പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ **26.09.2022 (തിങ്കളാഴ്ച)** തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ വച്ചും നടത്തുന്നതാണ്. പരീക്ഷകളുടെ അഡ്മിറ്റ് കാർഡ് പ്രവേശനപരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ **www.cee.kerala.gov.in**– ൽ നിന്നും പിന്നീട് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരീക്ഷകളുടെ സമയം, പരീക്ഷാ കേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ, അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി, പരീക്ഷയ്ക്കായുള്ള മറ്റ് നിർദ്ദേശങ്ങൾ എന്നിവ പിന്നീട് അറിയിക്കുന്നതാണ്. അഡ്മിറ്റ് കാർഡ്, ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവ സഹിതമായിരിക്കണം വിദ്യാർത്ഥി ഓൺലൈൻ പരീക്ഷയ്ക്ക് ഹാജരാകേണ്ടത്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.05 16:09:46 IST
Reason: Approved

തിരുവനന്തപുരം
**05/09/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**